## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

29.10.2019 ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 630**

### ബാലുശ്ശേരി കോളേജിന് കെ.എസ്.ഐ.ഡി.സി. യുടെ സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി :** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി)** |
| ബാലുശ്ശേരി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് ലൈബ്രറി, ഹോസ്റ്റൽ, കളിക്കളം എന്നിവ നിർമ്മിക്കുന്നതിനായി കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള അവികസിത ഭൂമിയിൽ നിന്നും അഞ്ചേക്കർ സ്ഥലം അനുവദിക്കാൻ കോളേജ് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ? | 07.11.2014 ലെ സ.ഉ (സാധാ) നം:1238/2014/ വ്യവ. പ്രകാരം കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. യുടെ അധീനതയിലുള്ള 5 ഏക്കർ ഭൂമി ബാലുശ്ശേരി ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി വിട്ടു നൽകാൻ ഉത്തരവായിരുന്നു. ഇത് സംബന്ധിച്ച് ജില്ലാകളക്ടറിൽ നിന്നും ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് റവന്യൂ വകുപ്പാണ് അനന്തരനടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ